**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2911 12-10-2011-ലെ മറുപടിക്ക്

## ഏലത്തിന് തറവില നിശ്ചയിക്കുവാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീമതി ഇ. എസ്. ബിജിമോൾ | | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) | ഏലം വിലയിടിവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഏലം വിപണിയിലെ ഇടനിലക്കാരെ ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | ഏലം വിപണനം നടത്തുന്നത് ഏലം ലൈസൻസിംഗ് & മാർക്കറ്റിംങ്ങ് റൂൾ 1987 നു വിധേയമായിട്ടാണ്. ടി റൂൾ പ്രകാരം ഏലം ഉൽപ്പാദിപ്പിക്കുന്ന ഏതൊരു കർഷകനും സ്പൈസസ് ബോർഡിന്റെ ലേലം/ഡീലർ ലൈസൻസ് ലഭിച്ചവരിലൂടെ മാത്രമേ ഏലം വിപണനം നടത്താൻ പാടുള്ളു. അങ്ങനെ കർഷകർ നേരിട്ടു വന്ന് ലേലങ്ങളിൽ പങ്കെടുക്കുന്നതിനാൽ അവരുടെ ഉൽപ്പന്നങ്ങൾ നേരിട്ട് ലൈസൻസുള്ള ഡീലർമാർക്ക് വിൽക്കുന്നതിന് സാധിക്കുന്നു.ഈ രീതിയിൽ ഏലം വിപണിയിലെ ഇടനിലക്കാരെ ഒഴിവാക്കിയിരിക്കുകയാണ്. |
| (സി) | ഏലം വിലയിടിവ് തടയുന്നതിന് സർക്കാർ നടപ്പാക്കുവാൻ പോകുന്ന നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കാമോ; | (സി) | ഏലം വിലയിടിവ് തടയുന്നതിന് താഴെ പറയുന്ന നടപടികൾ സ്വികരിച്ചിട്ടുണ്ട്.<br>1.ഇടുക്കി ജില്ലയിലെ പുറ്റടിയിൽ സ്പൈസസ് ബോർഡിന്റെ ആഭിമുഖ്യത്തിൽ രൂപീകരിച്ചിട്ടുള്ള സ്പൈസസ് പാർക്കിൽ ഏലം കർഷകർക്ക് ക്ലീനിംഗ്, ഗ്രേഡിംഗ്, സോർട്ടിംഗ്, പാക്കിംഗ്, തുടങ്ങിയ സൗകര്യങ്ങൾക്ക് പുറമെ, ന്യായമായ വില ലഭിക്കുന്നതുവരെ സൂക്ഷിച്ചു വയ്ക്കുന്നതിനുള്ള സൗകര്യങ്ങളും നിലവിലുണ്ട്. |

2. ഏലത്തിന്റെ വിലസ്ഥിരത ഫണ്ട് രൂപീകരിക്കുന്നതിനു വേണ്ടി ഇടുക്കി പാക്കേജിൽ എം.എസ്. സ്വാമിനാഥൻ കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ള 250 കോടി രൂപയ്ക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി അഭ്യർത്ഥിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

3. സ്പൈസസ് ബോർഡിന്റെ നേതൃത്വത്തിൽ ഏലം കയറ്റുമതി വർദ്ധിപ്പിക്കുന്നതിനും, ഏലത്തിന്റെ ആഭ്യന്തര ഉപയോഗം ഉയർത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | ഉത്പാദന ചെലവുമായി ബന്ധപ്പെടുത്തി ഏലത്തിന് തറവില നിശ്ചയിക്കുവാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ ? | (ഡി) | ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ